പതിമൂന്നാം കേരള നിയമസഭ

(ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3394 24/06/13-ൽ മറുപടിക്ക്

**സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ : | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മത്സ്യത്തൊഴിലാളികൾക്കു വേണ്ടി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) മത്സ്യത്തൊഴിലാളികൾക്കുവേണ്ടി മത്സ്യമേഖല വികസന പദ്ധതികൾ, തീരദേശ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ജീവനോപാധി പദ്ധതികൾ എന്നിവ തീരദേശ വികസന കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.<br>സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, ഹഡ്കോയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതി, ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം, ആഴക്കടൽ മത്സ്യബന്ധനം, കൃത്രിമപ്പാര് പദ്ധതി, കട്ടമരം മോട്ടോറൈസ് ചെയ്യുന്ന പദ്ധതി, ഫ്രെഷ് ഫിഷ് ടു ആൾ എന്നീ പദ്ധതികൾ തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നു. |
| (ബി) തീരദേശ വികസന കോർപ്പറേഷൻ കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ 2 വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ വെളിപ്പെടുത്താമോ; | (ബി) കോഴിക്കോട് ജില്ലയിൽ എലത്തൂർ നിയോജക മണ്ഡലത്തിലെ എലത്തൂർ മത്സ്യഗ്രാമത്തിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷത്തിൽ 163 ലക്ഷം രൂപയുടെ കുടിവെള്ള |

പദ്ധതി 53.55 ലക്ഷം രൂപയുടെ വൈദ്യുതീകരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ആഴക്കടൽ മത്സ്യബന്ധന പദ്ധതിയും എലത്തൂർ മത്സ്യഗ്രാമത്തിൽ നടപ്പിലാക്കിയിരുന്നു.

| | |
|---|---|
| (സി) ഈ വർഷം പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ? | (സി) ഈ സാമ്പത്തിക വർഷം എലത്തൂർ നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ വഴി പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ